സർഗ
വേദി



# മുന്പേ പറയുന്നത്

> അനസ് മാള

വെളുത്ത നൂലിഴകളാൽ
മറവിയുടെ മാറാല മൂടും മുമ്പ്,
ചിന്തയെ വിളിച്ചുണർത്തുക.

കറുത്ത കമ്പതിൽപടുതയിൽ
കണ്ണുകൾ തപ്പിത്തടയും മുമ്പ്,
വെൺകാഴ്ചകൾക്കായൽപം
ഉൾക്കണ്ണ് തുറന്ന് വെക്കുക.

അനർഥങ്ങൾ അയവിറക്കി
നാക്ക് കഴയും മുമ്പ്,
നന്മകൾ നുണഞ്ഞറിഞ്ഞ്
നറുവാക്കുകൾ പെയ്യിക്കുക.

അനാവശ്യങ്ങളുടെ തുറുങ്കിൽ
ഉലഞ്ഞ ഉടൽ, ഉറഞ്ഞൊടുങ്ങി
വെള്ളയുടുക്കാനൊരുങ്ങും മുമ്പ്,
ഉള്ളറിഞ്ഞ് നന്മകൾ തേടുക.

കരുത്തൊഴിഞ്ഞ് കാലിണകൾ
ബന്ധിച്ചുവെക്കപ്പെടും മുമ്പ്,
തിരിച്ചറിവിന്റെ വഴിയിൽ
ചുവടുകൾ തീർക്കുക.

തനിച്ചൊരിടത്തകം വെന്ത്
കഴിയാൻ പോകും മുമ്പ്
വാഴ്‌വിൽ നന്മകൾ പൂക്കുവാൻ
സ്നേഹസൗരഭ്യം പാറുക.



# തുണ

> അശ്റഫ് കാവിൽ

കൂട്ടിന്
നീയുണ്ടെങ്കിൽ
കൂരിരുട്ടായാലെന്ത്?

കണ്ണിൽ
നീയൊരു വിളക്ക്
കൊളുത്തിത്തരും..

തെറ്റിൽ നിന്ന്
മറ്റൊരു തെറ്റിലേക്ക്
ജന്മശീലങ്ങൾ
വഴിനടത്തുമ്പോൾ
മരണാനന്തരമുള്ള
ഘോര ജീവിതത്തെക്കുറിച്ച്
ചുട്ടുപഴുത്ത ഒരോർമ
മനസ്സിലുയിർപ്പിക്കും...

പലതായ് പകുക്കപ്പെട്ട
വഴിയിറമ്പിൽ
പകച്ചുനിൽക്കുമ്പോൾ
നേരിന്റെ പാത
കാണിച്ചുതരും...

കണ്ണീരിൽ സ്നാനം ചെയ്ത
എന്റെ മുഖം
നിന്റെ മുമ്പിൽ
സാഷ്ടാംഗം നമിക്കുമ്പോൾ
വേദനയുടെ മണിയനീച്ചകൾ
വിട്ടകന്നു പോകും...

എല്ലാ വാതിലുകളും
എന്റെ മുമ്പിൽ
കൊട്ടിയടക്കപ്പെട്ടാലും
കൂട്ടിന്
നീയുണ്ടെങ്കിൽ
എന്റെ നാഥാ
സ്വർഗീയ കവാടം
നീ തുറന്നുവെക്കുമല്ലോ.



> ജസീൽ കുറ്റ്യാടി

# ആശയ സംഘട്ടനം

കുഴിച്ചു മൂടപ്പെടുന്നത്
ഹൃദയങ്ങളാണ്
കിളിർത്തു
വരുന്നത്, പകയാണ്
തോറ്റുപോകുന്നത്
നിരപരാധികളാണ്.
ചിരിക്കുന്നത്
മാധ്യമങ്ങളാണ്
പിടിച്ചടക്കപ്പെടുന്നത്
സംസ്കാരങ്ങളാണ്
ഉറക്കം
നടിക്കുന്നവർ
ഞങ്ങളാണ്.




> ടി.കെ അലി പൈങ്ങോട്ടായി

# സമാന്തരം

വാക്ശരങ്ങളുടെ മൂർച്ചകളിൽ നിന്നാണ്
നീയെന്നെ പരിചയപ്പെട്ടത്...
ചാനലുകളുടെ തീച്ചിറകുകളുള്ള
വാർത്താ ചിത്രങ്ങളിൽനിന്നാണ്
നീയെന്നെ തീരുമാനിച്ചത്...
പത്രത്താളുകളിലെ കറുത്തിരുണ്ട
വിശകലനങ്ങളിൽനിന്നാണ്
നീയെന്നെ അടയാളപ്പെടുത്തിയത്...
എന്റെ ഹൃദയത്തിൽനിന്ന്
നീയെന്നെ പഠിച്ചെടുക്കാൻ മറന്നു...
ഹൃദയങ്ങൾക്കിടയിൽ
നേർവെളിച്ചത്തിന്റെ
ഒരു നൂൽപാലമെങ്കിലും
രൂപപ്പെടുന്നതിന് മുമ്പ്
നാം പരസ്പരം
ഇരു ചക്രവാളങ്ങളിലേക്ക്
വഴിപിരിഞ്ഞിരുന്നു.

> റസാഖ് എടവനക്കാട്

# നൈമിഷികം



കാലിട്ടടിച്ച്
കരഞ്ഞതന്ന്-
ജനിച്ച-
തപ്പോൾ.

കാലം കഴിച്ച്-
കരയിച്ചതിന്ന്,
മരിച്ച-
തിപ്പോൾ.